# കേരളസർവകലാശാല

നം.പി.ആർ.172/2023 തിരുവനന്തപുരം, തീയതി: 22/08/2023

## പത്രക്കുറിപ്പ്

### ടൈംടേബിൾ/പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2023 സെപ്റ്റംബർ 7 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലം സെമസ്റ്റർ എം.എ. സോഷ്യോളജി പരീക്ഷയുടെ വൈവ 2023 സെപ്റ്റംബർ 14, 15 തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയുടെ വൈവ 2023 സെപ്റ്റംബർ 7 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന്റെ (ഓൺലൈൻ) പുതിയ ബാച്ചിൽ ഏതാനും ചില സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/തത്തുല്യം, ഫീസ്: 6000 രൂപ, കാലാവധി: 6 മാസം, അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. 2023 ആഗസ്റ്റ് 30 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അപേക്ഷ ഫോറം പൂരിപ്പിച്ച് വകുപ്പിൽ എത്തിക്കുക. വിശദവിവരങ്ങൾക്കായി 0471 2308846/ 9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### അതിഥി അധ്യാപകരുടെ (Guest Lecturers) പാനൽ തയ്യാറാക്കുന്നു

കേരളസർവകലാശാലയ്ക്ക് കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സർവകലാശാല പഠനഗവേഷണ വിഭാഗത്തിൽ നടത്തി വരുന്ന എം.കോം. റൂറൽ മാനേജ്മെന്റ് (സി.എസ്.എസ്.) പ്രോഗ്രാമിലേക്ക് അതിഥി അധ്യാപകരുടെ പാനൽ തയ്യാറാക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത: യു.ജി.സി. മാനദണ്ഡപ്രകാരം, അപേക്ഷകൾ, ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡയറക്ടർ, യൂണിവേഴ്സിറ്റി ഓഫ് കേരള സ്റ്റഡി ആന്റ് റിസർച്ച് സെന്റർ (UKSRC) വടയ്ക്കൽ പി.ഒ., ആലപ്പുഴ - 688 003 എന്ന മേൽവിലാസത്തിലേക്കോ kusrc.commerce@keralauniversity.ac.in എന്ന ഇ-മെയിലിലേക്കോ 2023 ആഗസ്റ്റ് 31 ന് മുൻപായി ലഭിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**